പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 218

01.12.2014-ൽ മറുപടിക്ക്.

## നിരീക്ഷണ ക്യാമറകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തൊട്ടാകെ പോലീസ് വകുപ്പ് എത്ര നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്; ഇവയിൽ പ്രവർത്തിക്കാത്തവ എത്ര; | : (എ) സംസ്ഥാനത്തൊട്ടാകെ 592 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. അടിക്കടി കേടായവ നന്നാക്കി വരുന്നുണ്ട്. |
| (ബി) ഈ വർഷം എത്ര നിരീക്ഷണ ക്യാമറകൾ പുതുതായി സ്ഥാപിക്കാനുദ്ദേശിക്കുന്നു; ഏതെല്ലാം തരത്തിലുള്ള സ്ഥലങ്ങളാണ് ഇതിനായി പരിഗണിക്കുന്നത്; | : (ബി) വിവരം ശേഖരിച്ചു വരുന്നു. |
| (സി) ക്യാമറകളിലൂടെയുള്ള നിരീക്ഷണങ്ങളുടെ ഫലമായി സുരക്ഷാ രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായി; കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ ഇത് ഏതെല്ലാം നിലയിൽ സഹായകരമായിട്ടുണ്ട്; | : (സി) ക്യാമറ സ്ഥാപിച്ചതിന്റെ ഫലമായി 24 മണിക്കൂറും നഗരങ്ങളിലെ സ്ഥിതിഗതികൾ നിരീക്ഷിക്കാനും കുറ്റകൃത്യങ്ങൾ തെളിയിക്കാനും റോഡുകളിലെ ട്രാഫിക് ലംഘനങ്ങൾ കണ്ടെത്തി പിഴ ഈടാക്കാനും, വിവിഐപികൾ സന്ദർശിക്കുമ്പോൾ അവരുടെ സുരക്ഷയും നിരീക്ഷണവും തുടങ്ങിയ കാര്യങ്ങൾ ഫലപ്രദമായി നടത്താനും പ്രസ്തുത ക്യാമറകൾ സ്ഥാപിച്ചതുമൂലം പോലീസിന് സഹായകരമായിട്ടുണ്ട്. |
| (ഡി) ഏത് ഏജൻസി വഴിയാണ് നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്; ഇതിനായി ചെലവഴിച്ച തുക സംബന്ധിച്ച് വിശദമാക്കാമോ? | : (ഡി) കെൽട്രോൺ മുഖാന്തിരമാണ് ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്. ക്യാമറകൾ സ്ഥാപിക്കുന്നതിന് പോലീസ് വകുപ്പിൽ നിന്നും 48,66,99,488/- (നാൽപ്പത്തിയെട്ട് കോടി അറുപത്തിയാറ് ലക്ഷത്തിതൊണ്ണൂറ്റിയൊമ്പതിനായിരത്തി നാനൂറ്റി എൺപത്തിയെട്ട്) രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ